# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4075 25.06.2014 - ൽ മറുപടിയ്ക്ക്

## മൃതസഞ്ജീവനി പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. റ്റി.എൻ. പ്രതാപൻ | | **ശ്രീ. വി. എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| (എ) 'മൃതസഞ്ജീവനി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | ഉണ്ട്. മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ 2012 ൽ ആരംഭിച്ച പദ്ധതിയാണ് മൃതസഞ്ജീവനി. ഇതിന്റെ സംസ്ഥാനതല ഓഫീസ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിച്ചുവരുന്നു. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | മസ്തിഷ്ക മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുക, പൊതുസമൂഹത്തിൽ മരണാനന്തര അവയവദാന ബോധവത്കരണ പരിപാടികൾ, ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിക്കുക, സംസ്ഥാനതലത്തിൽ ഇത്തരത്തിൽ ലഭ്യമാകുന്ന അവയവങ്ങളുടെ അലോക്കേഷൻ അഥവാ വിന്യാസം, രോഗികൾക്ക് മുൻഗണനാക്രമത്തിൽ സുതാര്യവും നിഷ്പക്ഷവും സമയബന്ധിതവുമായി നടപ്പിലാക്കുക, ഈ മേഖലയിൽ പ്രാഗത്ഭ്യം നേടുന്നതിലേക്കായി മെഡിക്കൽ, പാരാമെഡിക്കൽ സ്റ്റാഫിന് ട്രെയിനിംഗ് പരിപാടികൾ നടപ്പിലാക്കുക. |
| (സി) രോഗികൾക്ക് അവയവദാനം നൽകി ജീവൻ രക്ഷിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള എന്തെല്ലാം നിർദ്ദേശങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | | കേരളത്തെ പ്രധാനമായും മൂന്ന് സോണുകളായി തരം തിരിച്ച് പ്രവർത്തനം വ്യാപിപ്പിച്ചിരിക്കുന്നു. അവയവം മാറ്റിവയ്ക്കൽ ആവശ്യമായ രോഗികൾക്ക് ഡോക്ടറുടെ ശുപാർശയോടെ 'മൃതസഞ്ജീവനി യുടെ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. കേരളത്തിൽ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി ബോധവത്ക്കരണ പരിപാടികൾ സന്നദ്ധ സംഘടനകളും വ്യക്തികളുമായി ചേർന്ന് നടത്തിവരുന്നു. |
| (ഡി) പദ്ധതിക്കായി പ്രത്യേക ഫണ്ട്(ഡി) രൂപീകരിക്കാറുണ്ടോ; വിശദമാക്കാമോ? | (ഡി) | സംസ്ഥാന വിഹിതമായി നൽകുന്ന തുകയാണ് പദ്ധതിക്ക് വിനിയോഗിച്ചു വരുന്നത് |

സെക്ഷൻ ഓഫീസർ